ക്കാസ്സുകളും നിത്തലാക്കാൻ വിദ്യാഭ്യാസ ഉപദേശകസമിതി ശുപാർശ ചെയ്തിട്ടുണ്ട്. ഇതു ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്. അടുത്ത വിദ്യാഭ്യാസവർഷത്തിനുമുമ്പു് ഇതിൽ ഒരു തീരുമാനം എടുക്കുന്നതാണു്.

2. ADJOURNMENT MOTIONS

(i) Police excesses on the agricultural labourers in Thodupuzha and Chalakudy Forest Poramboke lands

മി. സ്പീക്കർ : ഒന്നാമതു് അടിയന്തിരപ്രമേയങ്ങളാണു് കിട്ടിയിട്ടുണ്ടു്. തൊടുപുഴ താലൂക്കിലും ചാലക്കുടിയിലും കൃഷിചെയ്തു ജീവിക്കുന്ന കർഷകത്തൊഴിലാളികളെ പോലീസുകാർ മർദ്ദിക്കുകയും അവരുടെ കുടിലുകൾ തീവയ്ക്കുകയും ചെയ്തതുസംബന്ധിച്ചു് ശ്രീ. ടി. എ. മജീദു്, ശ്രീ. പി. രവീന്ദ്രൻ, ശ്രീ. പി. വി. എബ്രഹാം, ശ്രീ. പി. എസ്. നമ്പൂതിരി എന്നിവർ അടിയന്തിരപ്രമേയത്തിനു നോട്ടീസു് നൽകിയിട്ടുണ്ടു്.

9 A. M.]

ശ്രീ. എം. കെ. കൃഷ്ണൻ : തൊടുപുഴയിലും അതുപോലെയുള്ള മലംപ്രദേശത്തും സംഘടിതമായ കൈയേറ്റങ്ങൾക്കുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ടെന്നു് അറിഞ്ഞതിനെത്തുടർന്നു്, ആരുതന്നെ കൈയേറിയാലും ഒഴിപ്പിക്കണമെന്നു് ഗവണ്മെൻറു് നിർദ്ദേശം നൽകിയിട്ടുണ്ടു്. അങ്ങനെയുള്ള സ്ഥലങ്ങളിൽ അന്യായമായി ആരെങ്കിലും കൈയേറ്റം നടത്തിയാൽ ഒഴിപ്പിക്കണമെന്നുള്ളതാണു് ഗവണ്മെൻറിന്റെ നയം. ആ നയം നടപ്പാക്കുന്ന കാര്യത്തിൽ പോലീസിന്റെ കൈയിൽനിന്നു് എക്സെസസ് വന്നിട്ടുണ്ടോ എന്നറിവില്ല. ഉണ്ടോ എന്നുള്ളകാര്യം ഗവണ്മെൻറു് അന്വേഷിച്ചു് വേണ്ട നടപടി സ്വീകരിക്കാം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുന്നില്ല.

(ii) Alleged attacks on the agriculturists at Puthuppady and Kodencherry in Kozhikode District

കോഴിക്കോട് ഡിസ്ട്രിക്ടിലെ പുതുപ്പാടി, കോടഞ്ചേരി, ജീരകപ്പാടം എന്നിവിടങ്ങളിലെ കൃഷിക്കാരെ ദേഹോപദ്രവമേൽപ്പിച്ചതുസംബന്ധിച്ചു് ശ്രീ. പി.എം. അബൂബേക്കർ അടിയന്തിരപ്രമേയത്തിനു നോട്ടീസു് തന്നിട്ടുണ്ടു്.

ശ്രീ. എം. കെ. കൃഷ്ണൻ : അവിടെ കൃഷിക്കാരും ജന്മിയുംതമ്മിൽ തർക്കമുണ്ടായതിനെത്തുടർന്നു് സംഘർഷാവസ്ഥ ഉണ്ടായതായി അറിഞ്ഞു. ഉടൻതന്നെ പോലീസു് എത്തിയതിന്റെ ഫലമായി സ്ഥിതിഗതികൾ സമാധാനപരമായിരിക്കുകയാണു്. അവിടെ ഇപ്പോൾ കുഴപ്പമുണ്ടെന്നു തോന്നുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഞാൻ അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഇന്നു നിയമസഭയിൽ സന്ദർശകർക്കു പ്രവേശനം കൊടുത്തിട്ടില്ല. ഇന്നലെ വൈകുന്നേരം ഞങ്ങൾക്കു തന്നിട്ടുള്ള കവറിൽ ബഹുമാനപ്പെട്ട സ്പീക്കർ ഈ വിവരം അറിയിച്ചിരുന്നു. നമ്മെ തെരഞ്ഞെടുത്ത ആളുകൾക്കു് നമ്മുടെ നിയമസഭയിൽ നടക്കുന്ന കാര്യങ്ങൾ അറിയുന്നതിനും മനസ്സിലാക്കുന്നതിനും സൗകര്യം കൊടുക്കേണ്ട ബാധ്യത നമുക്കുണ്ടു്. ക്രമസമാധാനനിലയ്ക്കു കുഴപ്പമുണ്ടാകുമെന്ന നിലയ്ക്കു് ആണു് ഇങ്ങനെ ചെയ്തിട്ടുള്ളതെന്നാണെങ്കിൽ, അക്കാര്യത്തിൽ ചുമതലയെടുക്കേണ്ടതു മെമ്പർമാരാണു്—മെമ്പർമാർ ചുമതലപ്പെട്ടു കൊടുക്കുന്ന പാസ്സ് പ്രകാരമാണു് സന്ദർശകർക്കു പ്രവേശനം നൽകുന്നതു്. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ക്രമസമാധാനം പാലിക്കാൻ കഴിയാത്ത അന്തരീക്ഷമാണെന്നും കാണുന്നുമില്ല. ഞങ്ങളെ തിരഞ്ഞെടുത്ത ആളുകളോട് ഇത്രയും അനാദരവു കാണിക്കത്തക്ക സംഗതി എന്തുണ്ടായി എന്നു് എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു് ഇക്കാര്യത്തിൽ അങ്ങയുടെ വിശദീകരണമെന്താണെന്നു് കേട്ടാൽ തരക്കേടില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : സർ, ഞാനും ചോദിക്കാനുദ്ദേശിച്ചിരുന്ന കാര്യമാണിതു്. ഇനി അസംബ്ലിയിൽ വിസിറ്റേഴ്സിനെ പ്രവേശിപ്പിക്കുന്നില്ലെന്നു് ഒരു നോട്ടു കണ്ടു. അതു ശരിയാണോ ? ജനങ്ങൾക്കു് നിയമസഭയിൽ നടക്കുന്ന സംഗതികൾ എന്താണു്, തങ്ങൾ തെരഞ്ഞെടുത്തയാളുകൾ എന്താണു് നടത്തുന്നതു് എന്നറിയാനുള്ള അവകാശം നിഷേധിക്കലല്ലേ ? ഇപ്പോൾ, പാസുകൊടുക്കുന്ന മെംബർമാരായിരിക്കും സന്ദർശകർ എന്തു പ്രവർത്തിച്ചാലും ചുമതല എന്ന വാചകം കൂടി എഴുതിവച്ചിട്ടുണ്ടു്. വിസിറ്റേഴ്സിനെ പ്രവേശിപ്പിക്കുകയില്ലെന്നു പറഞ്ഞാൽ അതു് അവർക്കു ന്യായമായി കിട്ടേണ്ട അവകാശങ്ങളെ തടയുകയല്ലേ ? അതിനുതക്ക കാരണം എന്തുണ്ടായി ? അതിനു വ്യക്തമായ മറുപടി കിട്ടിയാൽ കൊള്ളാം. ഇങ്ങനെ ഇതിനുമുൻപുണ്ടായിട്ടില്ല. ആദ്യമായി ഉണ്ടായ ഈ നടപടിക്കു കാരണമെന്താണെന്നു് വിശദീകരണം കിട്ടിയാൽകൊള്ളാമെന്നു് അപേക്ഷിച്ചു കൊള്ളുന്നു.

ശ്രീ. കെ. എം. ജോർജ്ജ് : ബഹുമാനപ്പെട്ട സ്പീക്കർ ഇപ്രകാരമൊരു ഉത്തരവു പുറപ്പെടുവിച്ചതു് ഉചിതമായി എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഒരു കാലത്തും ഉണ്ടായിട്ടില്ലാത്ത ഒരു സംഭവമാണു് ആഗസ്റ്റു് 22-ാം തീയതി ഇവിടെ ഉണ്ടായതു്. ഗാലറിയിലിരുന്ന ഒരാൾ പിച്ചാത്തി നിവർത്തു കാണിക്കുന്നതു് കണ്ടയാൾ എന്നോടു പറഞ്ഞു, ഞാൻ കണ്ടില്ല.

എന്റെ പാർട്ടിയിൽപ്പെട്ട സുഹൃത്തു് ചാഴിക്കാടൻ പറഞ്ഞു വിസിറ്റേഴ്സിനെ പ്രവേശിപ്പിക്കാത്തതു ശരിയല്ലെന്നു്. അദ്ദേഹത്തിനു തോന്നിയ കാര്യം അദ്ദേഹം തുറന്നു പറഞ്ഞുവെന്നേയുള്ളൂ. ഞാൻ കേട്ട മേൽപറഞ്ഞ കാര്യങ്ങളൊ അദ്ദേഹത്തെ അറിയിച്ചിട്ടില്ല. ഞാൻ കേട്ടതിൽ എത്രയോ കൂടുതൽ കാര്യങ്ങൾ ബഹുമാനപ്പെട്ട സ്പീക്കർ അറിഞ്ഞുകാണും. ആ സംഗതികളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ഉചിതമായ നടപടി സ്വീകരിച്ചു എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. നമ്മുടെ നിയമസഭയുടെ ഗൗരവതരമായ സ്ഥിതിയിൽ ചെയ്യേണ്ടതു ചെയ്യുവെന്നുള്ളതിൽ അങ്ങയെ അഭിനന്ദിക്കാൻ ഞാനാഗ്രഹിക്കുന്നു എന്നുള്ള വിവരം പറഞ്ഞുകൊള്ളട്ടെ.

ശ്രീ. കെ. കരുണാകരൻ : സർ, അങ്ങു് വിസിറ്റേഴ്സിനെ പ്രവേശിപ്പിക്കാതിരുന്നതു് വളരെ ഉചിതമായി എന്ന അഭിപ്രായമാണു് എനിക്കുള്ളതു്. ആഗസ്റ്റു 22-ാം തീയതിയും മിനിഞ്ഞാന്നും നടന്നതുപോലുള്ള സംഭവങ്ങൾ നമ്മുടെ നാട്ടിലെ ജനങ്ങൾ കാണാതിരിക്കുന്നതിനു് നടപടി സ്വീകരിച്ചതുതന്നെയാണു് നല്ലതു്. അതൊക്കെ അവർ പത്രങ്ങളിൽ വായിച്ചു് അഭിപ്രായങ്ങൾ രൂപീകരിച്ചുകൊള്ളട്ടെ, നേരിട്ടു കാണാതിരിക്കുന്നവിധത്തിൽ ഈ നടപടി സ്വീകരിച്ചതു് ഏതായാലും നന്നായി. പറയാനുള്ളതു് മാച്ചുവച്ചിട്ടു കാര്യമില്ല. എത്ര ഉത്തരവാദിത്വത്തോടുകൂടി പാസുകൊടുത്താലും വിസിറ്റേഴ്സു് ഇനിയും അതിനു വിപരീതമായി പെരുമാറുമെന്നുള്ളതിനു സംശയമില്ല. അങ്ങനെ മെംബർമാർക്കു മുന്നറിയിപ്പു നൽകിയിട്ടുണ്ടു്. പലപ്പോഴും പലതും സംഭവിച്ചിട്ടുണ്ടു്. ഇന്നത്തെ ഈ സാഹചര്യത്തിൽ സമാധാനപരമായി ചർച്ചകൾ നടത്താനുള്ള അന്തരീക്ഷം ഉണ്ടാക്കാനുള്ള നടപടിയെന്നുള്ള നിലയിൽ ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നു.

ശ്രീ. കെ. കെ. അബു : ഓരോ പാർട്ടിയും അഭിപ്രായം പറയുകയാണെങ്കിൽ ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം എനിക്കും പറയാനുണ്ടു്. നമ്മുടെ നിയമസഭയിൽ കഴിഞ്ഞ ആഗസ്റ്റു് 22-ാം തീയതി ഉണ്ടായ സംഭവത്തിനിടയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഗാലറിയിൽനിന്ന് പിച്ചാത്തിയും തോക്കും ഒന്നും എടുത്തു കാണിച്ചിട്ടുള്ളതായി എനിക്കറിവില്ല. പല നിയമസഭകളിലും ഇതുമാതിരിയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുപോലും ഇതുപോലെ സന്ദർശകരെ തടഞ്ഞു വച്ചതായി അറിയുന്നില്ല. അതുകൊണ്ട് ഇതു വേണ്ടായിരുന്നു, ഇതു ശരിയായില്ല എന്നുള്ളതാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ : മറ്റു നിയമസഭകളിൽ സന്ദർശകരെ തടഞ്ഞു വച്ചിട്ടില്ല എന്നു ശ്രീ. അബു പറഞ്ഞതിനെ സംബന്ധിച്ചുതന്നെ ഞാൻ പറയാം. ഒന്നരമാസമായിട്ട് സന്ദർശകർക്ക് പ്രവേശനം ഇല്ലാതെയാണ് ആന്ധ്രാ നിയമസഭ നടന്നുകൊണ്ടിരിക്കുന്നതു് എന്നാണ് എനിക്കു കിട്ടിയിട്ടുള്ള റിപ്പോർട്ട്. ഇവിടെ ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞ കാര്യങ്ങളോടു് എനിക്ക് ആനുകൂല്യവും അതു് ശരിയാണെന്ന വിശ്വാസവും തീർച്ചയായിട്ടും ഉണ്ട്. നമ്മെ തിരഞ്ഞെടുത്തയച്ച ആളുകൾക്ക് ഇവിടെ വന്ന് നാം എന്താണ് ചെയ്യുന്നതെന്ന് കാണാൻ അവസരം കൊടുക്കേണ്ട ചുമതല നമുക്കു തീർച്ചയായിട്ടും ഉണ്ട്. അവരെ പ്രവേശിപ്പിക്കാതിരിക്കുന്നതു് ശരിയായിരിക്കയില്ലെന്നുള്ള അഭിപ്രായം തന്നെയാണ് എനിക്കും ഉള്ളതു്. കഴിഞ്ഞ ദിവസം എന്തുണ്ടായി എന്നുള്ളതിനെ സംബന്ധിച്ച്, ഏതായാലും ഒരു ചർച്ച നടത്താൻ ഞാനിപ്പോൾ ഉദ്ദേശിക്കുന്നില്ല. ഈ നിയമസഭയിൽ നിയമസമാധാനം സംരക്ഷിക്കാനുള്ള ചുമതലക്കാരൻ മറ്റാരെക്കാളുമധികം എനിക്കാണ്. ഇവിടെ എന്തെങ്കിലും അനാശാസ്യമായ സംഭവമുണ്ടായാൽ ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾക്കൊക്കെ അതിന്റെ ഉത്തരവാദിത്വമുണ്ട് എങ്കിലും അതിൽക്കൂടുതൽ ഉത്തരവാദിത്വം എനിക്കുണ്ടെന്നുള്ളതുകൊണ്ട്, എനിക്കു കിട്ടിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ (റിപ്പോർട്ടുകൾ എവിടെനിന്നു കിട്ടി എന്നു ചോദിക്കേണ്ട കാര്യമില്ല) ഇന്ന് സന്ദർശകരെ പ്രവേശിപ്പിക്കുന്നതു ശരിയായിരിക്കയില്ല എന്നു തീരുമാനിക്കുകയാണ് ചെയ്തതു്. ഇവിടെ വന്നു കാണാൻ ജനങ്ങളെ പ്രവേശിപ്പിക്കണമെന്ന് ആഗ്രഹമുണ്ടെന്നിരുന്നാൽപ്പോലും ഇന്ന് അതു ശരിയായിരിക്കുകയില്ല. എന്റെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലും എനിക്കു കിട്ടിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും ഞാൻ അങ്ങനെ തീരുമാനമെടുത്തതു് തെറ്റാണെന്നു എനിക്കു തോന്നുന്നുമില്ല. നിയമസഭകളിൽ നടക്കുന്നതുപോലെ ഒരിക്കലും സന്ദർശകരെ വിടാതെ തുടർന്നു കൊണ്ടുപോകണമെന്നുള്ള ഉദ്ദേശമൊന്നും എനിക്കില്ല. ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഇനിയും നമുക്ക് ആലോചിക്കാവുന്നതുമാണ്, നിയമസമാധാനം പാലിക്കുന്നതിനു് ആവശ്യമുള്ളപ്പോൾ സന്ദർശകരെക്കൂടാതെ സെഷൻ നടത്തണമോ, അങ്ങനെ നടത്തുന്നതനയം ശരിയാണോ എന്നുള്ള വിഷയത്തെ സംബന്ധിച്ച് നമുക്കു വേണമെങ്കിൽ പിന്നെ ആലോചിക്കാം. ഇക്കാര്യം സംബന്ധിച്ച് ഞാൻ ഇപ്പോൾ എടുത്ത തീരുമാനത്തിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്വം എനിക്കാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, സഭയുടെ സുരക്ഷിതത്വം പാലിക്കുന്നതിനു് അങ്ങയുടെ അധികാരം വിനിയോഗിച്ചുവെന്നുള്ളതിനെ ചോദ്യം ചെയ്യുന്നില്ല. ഞങ്ങളെ സമീപിക്കുന്ന ആളുകൾക്ക് പാസ് എഴുതിക്കൊടുക്കുന്ന നടപടിയാണ് ഞങ്ങൾ സ്വീകരിക്കാറുള്ളതു്. ഇവിടെ സുരക്ഷിതത്വം ഇല്ലാത്ത അന്തരീക്ഷമുണ്ടോ? ഇക്കാര്യത്തിൽ അങ്ങയ്ക്കു തെറ്റായ റിപ്പോർട്ട് തന്ന കേന്ദ്രം ഏതെന്നു് അറിയാനും തൽക്കാലം ആഗ്രഹിക്കുന്നില്ല. കൊച്ചുപിച്ചാത്തിയുമായി വന്നുവെന്നുള്ള തെറ്റായ റിപ്പോർട്ടാണ് ജനങ്ങളുടെ അവകാശം നിഷേധിക്കുവാൻ ഇടയാക്കിയതെങ്കിൽ അതു പ്രതിഷേധാർഹമായിപ്പോയി എന്നു മാത്രമേ ഞാൻ ഈ സന്ദർഭത്തിൽ പറയുന്നുള്ളൂ.

മി. സ്പീക്കർ : എനിക്കു കിട്ടിയ റിപ്പോർട്ടുകൾ തെറ്റായിരുന്നുവെന്നറിഞ്ഞാൽ എന്നെക്കാൾ കൂടുതൽ സന്തോഷിക്കുന്നവർ വേറെ ഉണ്ടായിരിക്കുകയില്ല. അതു് അങ്ങനെയായിത്തീരട്ടെ എന്നും ഞാൻ പ്രാർത്ഥിക്കുകയാണ്, തെറ്റായിരുന്നുവെന്ന് അറിഞ്ഞാൽ സഭയുടെ അന്തസ്സു് വർദ്ധിക്കുകയല്ലാതെ ഒട്ടും കുറയുകയില്ല. തെറ്റായി

LIBRARY ARCHIVES Kerala Legislative Assembly

വരട്ടെ എന്നു ഞാൻ ആശംസിക്കുകയാണു്. അതു തെറ്റായി വരുന്നെങ്കിൽ, അതു തെറ്റായിപ്പോയി, മോശമായിപ്പോയി എന്നു സമ്മതിച്ചുകൊണ്ടു് സഭയോടു മാപ്പു ചോദിക്കാനും ഞാൻ തയ്യാറാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : സർ, റിപ്പോർട്ടുകളിൽനിന്നു കിട്ടിയ അറിവു വച്ചുകൊണ്ടു ചെയ്തതാണെന്നു പറയുന്നതിന്റെ അടിസ്ഥാനത്തിൽ ഞാൻ അങ്ങയുടെ നടപടിയെ അംഗീകരിക്കുകയാണു്.

3. CALLING ATTENTION UNDER RULE 61.

(i) Forceful removal of paddy harvest belonging to the Harijas in Payyanur

Mr. Speaker : The Home Minister has to reply to a notice under Rule 61 given by Shri. K. P. Raghava Poduval.

ശ്രീ. എം. കെ. കൃഷ്ണൻ : കഴിഞ്ഞ 25-ാം തീയതി എല്ലുവാശേരി അംശം കുന്നത്തൂർ താലൂക്കിൽ കൃഷിചെയ്തിരുന്ന സ്ഥലത്തുനിന്നു് അതിന്റെ ജന്മിയായ ഗംഗാധരക്കുറുപ്പും നാല്പതു പേരുംകൂടി ബലാൽക്കാരമായി വിള കൊയ്തുകൊണ്ടുപോയി എന്നു പറഞ്ഞുകൊണ്ടു് ശ്രീ. പറക്കളം കണ്ണൻ എന്നയാൾ ശ്രീകണ്ഠപുരം പോലീസ് സ്റ്റേഷനിൽ പരാതി ബോധിപ്പിക്കുകയുണ്ടായി. ആ പരാതിയെ അടിസ്ഥാനപ്പെടുത്തി ഈ സംഗതിയെക്കുറിച്ചു് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടു്. കേസിന്റെ വിവരങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയുമാണു്. തുടർന്നു് പുനംകൃഷിക്കാരുടെ കൈവശമുള്ള ഭൂമിയിൽനിന്നു് ജന്മിമാർ പലരും വിളവു കൊയ്തെടുത്തു എന്നു പരാതികിട്ടിയതിനെ തുടർന്നു് കൃഷിക്കാരുടെ താല്പര്യം സംരക്ഷിക്കുന്നതിനു് പോലീസിനു് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്. അവിടെ സമാധാനപരമായ അന്തരീക്ഷമാണു് നിലവിലുള്ളതു്.

(ii) Proposed agitation by the employees of Panchayats

Mr. Speaker : The Panchayat Minister has to reply to the statement made by Shri. A. S. Purushothaman, the other day under Rule 61.

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി:) പഞ്ചായത്തു് എംപ്ലോയീസ് അസോസിയേഷന്റെ ഒരു നിവേദനം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടു്. വളരെ വിശദമായി ആലോചിച്ചു തീരുമാനിക്കേണ്ട മുഖ്യമായ പ്രശ്നങ്ങൾ അവർ അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. പഞ്ചായത്തു് എംപ്ലോയീസിനെ എല്ലാം ഗവണ്മെന്റു് എംപ്ലോയീസാക്കുക, കാമൺ സർവീസ് ഏർപ്പെടുത്തുക, പാർട്ടൈം ജീവനക്കാരെ ഫുൾടൈം ആക്കുക മുതലായ സുപ്രധാനമായ പ്രശ്നങ്ങളെ സംബന്ധിച്ചാണു് തീരുമാനമെടുക്കേണ്ടതു്. ഗവണ്മെന്റു് ഇക്കാര്യങ്ങളെപ്പറ്റി കാര്യമായി ആലോചിച്ചുവരികയാണു്. അവരുടെ പ്രതിനിധികളുമായി ആവശ്യമായ ചർച്ചകളും നടത്തിയശേഷം അവസാന തീരുമാനമെടുക്കാമെന്നാണു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നതു്. ചർച്ച നടത്താനുള്ള അവസരം ഏതാനും ദിവസത്തിനകം ഉണ്ടാകും. അതിനുശേഷം തീരുമാനമെടുക്കാം.

4. STATEMENT BY MINISTER

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) :കഴിഞ്ഞ 30–ാം തീയതിയിലെ ഒരു ചോദ്യത്തിനുണ്ടായ സംശയത്തിനു് മറുപടി പറയാമെന്നു ഞാൻ പറഞ്ഞിരുന്നു. കഴിഞ്ഞ 30–ാം തീയതി സംസ്ഥാനത്തിലെ വാട്ടർ സ്കീമുകൾക്കു് പൈപ്പു് കൊടുത്തതിനെപ്പറ്റി പൊതുവേയും, പാലാ മുൻസിപ്പാലിറ്റിക്കു് പൈപ്പു് കൊടുത്തതിനെപ്പറ്റി പ്രത്യേകിച്ചും ചോദ്യമുണ്ടായ അവസരത്തിൽ, അന്തിച്ചന്തയിൽനിന്നാണോ ഡിപ്പാർട്ടുമെന്റു് പൈപ്പു് വാങ്ങുന്നതെന്നു് ചോദിക്കാൻ ഇടയായ, വളരെയധികം സംശയങ്ങൾക്കു് ഇട നൽകത്തക്കരീതിയിലുള്ള ചോദ്യം ഉന്നയിക്കപ്പെട്ട ആ പ്രശ്നത്തിനു് അന്വേഷിച്ചു് വിവരം നൽകാമെന്നു ഞാൻ ഇവിടെ പറഞ്ഞിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly